മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# പരിശീലന പരിപാടി



▶ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഗ്രീൻസ്കിൽ ഡെവലപ്മെന്റ് പരിശീലന പരിപാടിയുടെ ഉദ്ഘാടനം ഡയറക്ടർ സി. കുഞ്ഞിക്കണ്ണൻ നിർവഹിക്കുന്നു

**കോയമ്പത്തൂർ ▸** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഗ്രീൻസ്കിൽ ഡെവലപ്മെന്റ് പരിശീലനപരിപാടിക്ക് തുടക്കമായി. തൊഴിൽരഹിതർക്ക് സ്വയം തൊഴിൽകണ്ടെത്താൻ സഹായകമാകുന്ന തരത്തിലാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. ടിഷ്യുകൾച്ചർ, നഴ്സറി പരിപാലനം, മുളയുടെ വിവിധ ഉപയോഗങ്ങൾ തുടങ്ങിയ കാര്യങ്ങളിലാണ് പരിശീലന പരിപാടി.

ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ ചടങ്ങ് ഉദ്ഘാടനംചെയ്തു. സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റും എൻവിസ് കോ-ഓർഡിനേറ്ററുമായ ഡോ. കണ്ണൻ വാര്യരാണ് പരിശീലന മേധാവി. സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. രേഖവാര്യർ, പ്രിൻസിപ്പൽ സയന്റിസ്റ്റ് മരിയ ഡൊമിനിക് സാവിയോ എന്നിവർ മേൽനോട്ടം വഹിക്കുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും യുവതീയുവാക്കൾ പരിശീലനപരിപാടികളിൽ പങ്കെടുക്കുന്നുണ്ട്.

പൂർണമായും സൗജന്യമായ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ സർട്ടിഫിക്കറ്റുകൾ നൽകും.

63. News in Mathrubhumi, 11.11.2021, Palakkad, Inauguration of Green Skill Development Programmes by IFGTB ENVIS.